"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- M/s ELSA കപ്പലപകടത്തെ തുടർന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ ധനസഹായവും സൗജന്യ റേഷനും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.371/2025/DMD തീയതി 03-06-2025,തിരുവനന്തപുരം

---

പരാമർശം: 29/05/2025 ലെ സ.ഉ(കൈ)നം.11/2025/ഡിഎംഡി

---

**<u>ഉത്തരവ്</u>**

2025 മെയ് 25ന് കേരളതീരത്തുനിന്ന് 14.6 നോട്ടിക്കൽ മൈൽ അകലെ അറബിക്കടലിൽ ഉണ്ടായ MSC ELSA-3 കപ്പലപകടത്തെ തുടർന്നുള്ള പാരിസ്ഥിതിക, സാമൂഹിക പ്രശ്നങ്ങൾ പരിഗണിച്ച് പ്രസ്തുത കപ്പൽ അപകടത്തെ പരാമർശം ഉത്തരവ് പ്രകാരം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

MSC ELSA 3 കപ്പലപകടം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ സാരമായി ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഫിഷറീസ് വകുപ്പ് ഡയറക്ടർ നൽകിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ജില്ലകളിലെ 78498 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 27020 മത്സ്യബന്ധന അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കും ഇടക്കാല ആശ്വാസമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1000 രൂപ വീതവും കൂടാതെ ഒരു കുടുംബത്തിന് 6 കിലോ അരി വീതം സൗജന്യ റേഷനും അനുവദിക്കുന്നതിന് തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ജില്ലകളിലെ 78498 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 27020 മത്സ്യബന്ധന അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കും ഇടക്കാല ആശ്വാസമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1000 രൂപ വീതം നൽകുന്നതിന് ആകെ 105,518,000/- (പത്ത് കോടി അൻപത്തി അഞ്ച് ലക്ഷത്തി പതിനെണ്ണായിരം രൂപ മാത്രം) [1,05,518x1000] അനുവദിച്ച് ഉത്തരവാകുന്നു.

മേൽ തുക ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ STSB A/C No.701121400000010 -ലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

മേൽ പ്രകാരം 1,05,518 കുടുംബങ്ങൾക്ക് ആറ് കിലോ അരി വീതം സൗജന്യ റേഷൻ

അനുവദിക്കുന്നതിനുള്ള നടപടി ഭക്ഷ്യ പൊതു വിതരണ വകുപ്പ് അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് ഭക്ഷ്യ പൊതു വിതരണ വകുപ്പ് ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ച് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,(എ&.ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ദുരന്തനിവാരണം
ജില്ലാകളക്ടർമാർ, ആലപ്പുഴ,കൊല്ലം, എറണാകുളം, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ഭക്ഷ്യപൊതുവിതരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫിസർ , ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -ക്ക്
ഫിഷറീസ് വകുപ്പ് സെക്രട്ടറിയുടെ പി-എ-ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ-ക്ക്